# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.06.2026**

## പ്രധാനവാർത്തകൾ

1. ഔദ്യോഗിക സന്ദർശനത്തിനായി സെയ്ഷെൽസിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയ്ക്ക് ഊഷ്മള സ്വീകരണം. സെയ്ഷെൽസ് ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ വിശിഷ്ടാതിഥിയാകും.
2. കീം പരീക്ഷാഫലം പ്രഖ്യാപിച്ചു. എൻജിനീയറിങ്ങിൽ റോഷൻ രാജുവിനും ബി.ഫാമിൽ വിനായക് നാരായണനും ഒന്നാം റാങ്ക്.
3. രാജ്യവ്യാപക പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിക്കും.
4. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത. നാളെ കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത.
5. പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജിന്റെ സംസ്കാര ചടങ്ങുകൾ നാളെ ചെന്നൈയിൽ നടക്കും.
6. ഫിഫ ലോകകപ്പ് ഫുട്ബോളിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന നാളെ ജോർദനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## പി.എം - സെയ്ഷെൽസ്

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി സെയ്ഷെൽസിൽ എത്തി. പ്രസിഡൻറ് പാട്രിക് ഹെർമിനി അദ്ദേഹത്തിന് ഊഷ്മള സ്വീകരണം നൽകി. സെയ്ഷെൽസ് ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി വിശിഷ്ടാതിഥിയായി പങ്കെടുക്കും. സെയ്ഷെൽസ് ദേശീയ ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് ശ്രീ മോദി.

&&&&&&&&&&&&&&&&&&

## കീം പരീക്ഷാഫലം (ഇൻട്രോ)

കീം പരീക്ഷാഫലം പ്രഖ്യാപിച്ചു. എൻജിനിയറിംഗിൽ അങ്കമാലി അയ്യമ്പുഴ സ്വദേശി റോഷൻ രാജു ഒന്നാം റാങ്കും കണ്ണൂർ സ്വദേശി ധ്യാൻ തേജ് രണ്ടാം റാങ്കും തൃശ്ശൂർ സ്വദേശിനി വിസ്മയ കെ ആർ മൂന്നാം റാങ്കും നേടി. ജൂലൈ 8 ന് ആദ്യ അലോട്ട്മെൻ്റ് നടക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ അറിയിച്ചു.

(വോയിസ്..............)

ബി.ഫാമിൽ തൃശ്ശൂർ കോട്ട സ്വദേശി വിനായക് നാരായണൻ ഒന്നാം റാങ്ക് നേടി. ഒല്ലൂർ സ്വദേശി ജസ്റ്റേ ജസ്റ്റിൻ രണ്ടാം റാങ്കും, മലപ്പുറം സ്വദേശി ദിയ ഫാത്തിമ മൂന്നാം റാങ്കും നേടി.

&&&&&&&&&&&&&&&&&&

## പോളിയോ - വിതരണം

രാജ്യവ്യാപകമായി നടത്തുന്ന പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ നടക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ തിരുവനന്തപുരത്ത് ആരോഗ്യമന്ത്രി കെ. മുരളീധരൻ നിർവ്വഹിക്കും. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളിമരുന്നു നൽകും. ഇതിനായി 22,288 ബൂത്തുകളും 46,663 സന്നദ്ധപ്രവർത്തകരെയും നിയോഗിച്ചിട്ടുണ്ട്.

RNU TVPM

യാത്രാവേളയിൽ വാക്സിൻ നൽകുന്നതിനു
പ്രത്യേക ബൂത്തുകളും ക്രമീകരിച്ചിട്ടുണ്ട്. നാളെ ബൂത്തുകളിൽ എത്താത്ത കുഞ്ഞുങ്ങൾക്ക് തിങ്കൾ, ചൊവ്വ
ദിവസങ്ങളിൽ വീടുകളിലെത്തി വാക്സിൻ നൽകും.

&&&&&&&&&&&&&&&&&&

## ഷിഗല്ല

സംസ്ഥാനത്ത് 10 പേർക്ക് കൂടി ഷിഗല്ല സ്ഥിരീകരിച്ചു. മലപ്പുറം 5 കോഴിക്കോട് 4, വയനാട് 1 എന്നിങ്ങനെയാണ് ഇന്ന് രോഗം
സ്ഥിരീകരിച്ചത്. സംസ്ഥാനത്ത് ഈ മാസം 190 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തു. ഈ വർഷം ഇതുവരെ 266 പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&&&

## പാലക്കാട് - പകർച്ചവ്യാധി (ഇൻട്രോ)

പകർച്ചവ്യാധികൾക്കെതിരെ പാലക്കാട് ജില്ലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്. ഈ
മാസം ഇതുവരെ 25,000ത്തോളം പേരാണ് ജില്ലയിൽ പനി ബാധിച്ച് ചികിത്സ തേടിയത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....**

**(വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാാം പതിപ്പാണിത്. ആകാശവാണിയുടെയും
ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാം. തുടർന്ന് പ്രാദേശിക ഭാഷകളിലെ
പരിഭാഷയുമുണ്ടാകും.

&&&&&&&&&&&&&&&&&&

## <u>സെൻസസ് - സെൽഫ് എന്യൂമറേഷൻ</u>

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം മൂന്ന് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

&&&&&&&&&&&&&&&&&&

## <u>കെ. ഭാഗ്യരാജ് അന്തരിച്ചു</u>

പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജിന്റെ സംസ്കാര ചടങ്ങുകൾ നാളെ ചെന്നൈയിൽ നടക്കും. ഹൃദയാഘാതത്തെ തുടർന്ന് ഇന്ന് രാവിലെയായിരുന്നു അന്ത്യം. 25-ലധികം ചിത്രങ്ങൾ സംവിധാനം ചെയ്യുകയും 75-ഓളം സിനിമകളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. മൗനഗീതങ്ങൾ, മുന്താനെ മുടിച്ചു എന്നിവയാണ് പ്രശസ്ത ചിത്രങ്ങൾ. മിസ്റ്റർ മരുമകൻ, ഏയ്ഞ്ചൽ ജോൺ എന്നീ മലയാള സിനിമകളിലും അഭിനയിച്ചിട്ടുണ്ട്. ഭാഗ്യരാജിന്റെ വിയോഗത്തിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, ഗവർണർ രാജേന്ദ്രവിശ്വനാഥ് ആർലേക്കർ, തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ് ഉൾപ്പെടെയുള്ളവർ അനുശോചനം രേഖപ്പെടുത്തി.

RNU TVPM

&&&&&&&&&&&&&&&&&&

## <u>മഴ</u>

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കേരള തീരത്ത് നാളെ മുതൽ ബുധനാഴ്ച വരെയും കർണാടക -

ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ബുധനാഴ്ച വരെയും മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## ഫിഫ ലോകകപ്പ് ഫുട്ബോൾ

ഫിഫ ലോകകപ്പ് ഫുട്ബോൾ ഗ്രൂപ്പ് ഘട്ടത്തിലെ അവസാന മത്സരങ്ങൾ നാളെ. ഗ്രൂപ്പ് എല്ലിൽ ഇന്ത്യൻ സമയം നാളെ പുലർച്ചെ 2.30 നു പനാമ ഇംഗ്ലണ്ടിനെയും ഘാന ക്രൊയേഷ്യയെയും നേരിടും. ഗ്രൂപ്പ് കെ-യിൽ കൊളംബിയ-പോർച്ചുഗൽ, കോംഗോ-ഉസ്ബെക്കിസ്ഥാൻ മത്സരങ്ങൾ നാളെ രാവിലെ 5നാണ്. ഗ്രൂപ്പ് ജെ യിൽ കരുത്തരായ അർജന്റീന ജോർദനെയും ഓസ്ട്രിയ അൾജീരിയയെയും നേരിടും. നാളെ രാവിലെ 7.30 നാണു മത്സരം.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ് കോച്ച്

ക്രിക്കറ്റ് കോച്ചിങ്ങിനായി വന്ന വിദ്യാർത്ഥിനിയെ പീഡിപ്പിച്ച കേസിൽ ക്രിക്കറ്റ് കോച്ച് തിരുവനന്തപുരം ശ്രീവരാഹം സ്വദേശി മനു എം - ന് 47 വർഷം കഠിന തടവും 79,000 രൂപ പിഴയും വിധിച്ച്, തിരുവനന്തപുരം പ്രത്യേക അതിവേഗ കോടതി. മനു പ്രതിയായ മൂന്നാമത്തെ കേസിലാണ് ശിക്ഷ വിധിച്ചത്. നാലാമത്തെ കേസിലും പ്രതി കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തി. ആദ്യ രണ്ടു കേസിലെയും ശിക്ഷ കാലാവധിക്ക്

PNU TVPM

ശേഷമേ ഈ കേസിലെ ശിക്ഷ ആരംഭിക്കുകയുള്ളൂ എന്നും വിധിന്യായത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

<u>കണ്ണൂർ - കാട്ടാന ആക്രമണം (ഇൻട്രോ)</u>

കണ്ണൂർ ജില്ലയിലെ ആറളത്തും കണിച്ചാറിലും കാട്ടാന ആക്രമണം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ....**

**(വോയ്സ്.......)**

&&&&&&&&&&&&&&&&&&

<u>നിയമസഭ</u>

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും. പരിഷ്കരിച്ച ബജറ്റുമായി ബന്ധപ്പെട്ട ധനവിനിയോഗ ബിൽ സഭ ബുധനാഴ്ച പരിഗണിക്കും.

RKU TVPM

&&&&&&&&&&&&&&&&&&

<u>വൊക്കേഷണൽ ഹയർസെക്കണ്ടറി - അലോട്ട്മെന്റ്</u>

വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം എകജാലക പ്രവേശനത്തിന്റെ മൂന്നാം ഘട്ട അലോട്ട്മെന്റ് പട്ടിക നാളെ പ്രസിദ്ധീകരിക്കും. ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ മറ്റന്നാൾ മുതൽ ജൂലൈ 2 വരെ സ്കൂളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വിദ്യഭ്യാസ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>പുന പരീക്ഷാ ഫലം</u>

ഈ വർഷത്തെ എസ്.എസ്.എൽ.സി, ടി.എച്ച്.എസ്.എൽ.സി പുനഃപരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. ഔദ്യോഗിക വെബ്സൈറ്റുകളിൽ ഫലം ലഭ്യമാണ്.

&&&&&&&&&&&&&&&&&&

## നീതി ആയോഗ് വൈസ് ചെയർമാൻ

പിന്നാക്ക മേഖലകളിൽ നവീനമായ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് നീതി ആയോഗ് വൈസ് ചെയർമാൻ അശോക് കുമാർ ലാഹിരി. ഇടുക്കി ജില്ലയിലെ ആസ്പിരേഷണൻ ബ്ലോക്കുകളിലെ വികസന പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. പട്ടികജാതി-പട്ടികവർഗ വികസനം, ആരോഗ്യം, പോഷകാഹാരം തുടങ്ങിയ മേഖലകളിൽ പ്രത്യേക ശ്രദ്ധ വേണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## സണ്ണി ജോസഫ് - പോളിടെക്നിക് കലോത്സവം

തൊഴിൽ ചെയ്യാനുള്ള ശേഷി വിദ്യാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നതിൽ പോളിടെക്നിക്കുകൾ വഹിക്കുന്ന പങ്ക് നിർണായകമാണെന്ന് മന്ത്രി സണ്ണി ജോസഫ്. സംസ്ഥാന ഇന്റർ പോളിടെക്നിക് കലോത്സവത്തിന്റെ സമാപന സമ്മേളനം കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കലാപരമായ കഴിവുകൾ സമൂഹത്തിന്റെ പുരോഗതിക്കും വ്യക്തിത്വ വികസനത്തിനും പ്രയോജനപ്പെടുത്തണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## കെസിഎൽ ഫാൻ ലീഗ്

കേരള ക്രിക്കറ്റ് ലീഗ് മൂന്നാം സീസണിന് മുന്നോടിയായി കേരള ക്രിക്കറ്റ് അസോസിയേഷൻ ഫാൻ ലീഗ് സംഘടിപ്പിക്കുന്നു. അടുത്ത മാസം നാലിന് ലീഗിലെ ആദ്യ മത്സരം നടക്കും. ക്രിക്കറ്റിനെ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ

ശബരിമലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെട്ട് ബിജെപി എംഎൽഎ രാജീവ്

RNU TVPM

ചന്ദ്രശേഖർ മുഖ്യമന്ത്രിക്ക് കത്ത് നൽകി. ശബരിമലയിലെ സ്വർണാപഹരണക്കേസ് സി.ബി.ഐ. അന്വേഷിക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## സ്വർണ്ണവില

സ്വർണവിലയിൽ വർധന. ഗ്രാമിന് 110 രൂപ വർധിച്ച് 13,195 രൂപയും പവന് 880 രൂപ ഉയർന്ന് 1,05,560 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## വനിതാ കമ്മീഷൻ

തിരുവനന്തപുരം ആറ്റുകാലിൽ യുവതി ആത്മഹത്യ ചെയ്ത സംഭവത്തിൽ സംസ്ഥാന വനിതാ കമ്മീഷൻ സ്വമേധയാ കേസെടുത്തു. വസ്തുനിഷ്ഠമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പോലീസിനോട് ആവശ്യപ്പെട്ടതായി കമ്മിഷൻ അധ്യക്ഷ അഡ്വ. പി സതീദേവി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ഇടുക്കി മോക്ക് ഡ്രിൽ

ഇടുക്കി ജില്ലയിൽ അപകട സാഹചര്യങ്ങളിൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള പരിശീലനത്തിന്റെ ഭാഗമായി മോക്ക് ഡ്രിൽ സംഘടിപ്പിച്ചു. പോലീസ്, ദുരന്ത നിവാരണ അതോറിറ്റി, ഫയർ ഫോഴ്സ്, റവന്യൂ വകുപ്പ് ഉൾപ്പെടയുള്ളവർ സംയുക്തമായിയാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&